**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 236** **29-01-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നത് സംബന്ധിച്ച എം.എൽ.എ യുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ആരോഗ്യ സ്ഥാപനങ്ങളിലെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് സർക്കാർ തുടർന്നു വരുന്നത്. ഇത് അനുസരിച്ച് ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടന്നു വരുന്നത്. ഇത് പ്രകാരം മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആർദ്രം മാനദണ്ഡപ്രകാരം താലൂക്ക് തലം മുതലാണ് സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാകുന്നത്. |
| (ബി) | ആരോഗ്യ വകുപ്പ് മന്ത്രിയുടെ 20.10.2023-ലെ സന്ദർശന വേളയിൽ പ്രഖ്യാപിച്ച ഡയാലിസിസ് കേന്ദ്രം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (ബി) | ഡയാലിസിസ് കേന്ദ്രത്തിനായുള്ള അടിസ്ഥാന സൗകര്യം ക്രമീകരിക്കുന്ന മുറയ്ക്ക് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ഫോറൻസിക് സർജൻ തസ്തിക സൃഷ്ടിക്കൽ, ബ്ലഡ് ബാങ്ക് സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ആർദ്രം മാനദണ്ഡ പ്രകാരം ഫോറൻസിക് സ്പെഷ്യാലിറ്റി സേവനങ്ങൾ ജില്ലാ ആശുപത്രികൾ മുതലാണ് നൽകി വരുന്നത്. ആയതിനാൽ മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം, ബ്ലഡ് ബാങ്ക് സ്ഥാപിക്കൽ എന്നിവ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 236 | 29.01.2024 ൽ മറുപടിയ്ക്ക്

**മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ വികസന പദ്ധതികൾ**

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നത് സംബന്ധിച്ച എം.എൽ.എ യുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ആരോഗ്യ സ്ഥാപനങ്ങളിലെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് സർക്കാർ തുടർന്നു വരുന്നത്. ഇത് അനുസരിച്ച് ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്ക്തല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടന്നു വരുന്നത്. ഇത് പ്രകാരം മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി താലൂക്ക്തല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആർദ്രം മാനദണ്ഡപ്രകാരം താലൂക്ക് തലം മുതലാണ് സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാകുന്നത്. |
| (ബി) | ആരോഗ്യ വകുപ്പ് മന്ത്രിയുടെ 20.10.2023-ലെ സന്ദർശന വേളയിൽ പ്രഖ്യാപിച്ച ഡയാലിസിസ് കേന്ദ്രം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (ബി) | ഡയാലിസിസ് കേന്ദ്രത്തിനായുള്ള അടിസ്ഥാന സൗകര്യം ക്രമീകരിക്കുന്ന മുറയ്ക്ക് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ഫോറൻസിക് സർജൻ തസ്തിക സൃഷ്ടിക്കൽ, ബ്ലഡ് ബാങ്ക് സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ആർദ്രം മാനദണ്ഡ പ്രകാരം ഫോറൻസിക് സ്പെഷ്യാലിറ്റി സേവനങ്ങൾ ജില്ലാ ആശുപത്രികൾ മുതലാണ് നൽകി വരുന്നത്. ആയതിനാൽ മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കുന്ന വിഷയം, ബ്ലഡ് ബാങ്ക് സ്ഥാപിക്കൽ എന്നിവ നിലവിൽ പരിഗണനയില്ല. |

Sheela.m

സെക്ഷൻ ഓഫീസർ